"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്- 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് പൊതുവിതരണത്തിന് ആവശ്യമായ ഫോട്ടോകോപ്പി പേപ്പർ A4 സൈസ് 80 ജി.എസ്.എം വാങ്ങുന്നത് - പർച്ചേസ് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്

സ.ഉ.(സാധാ) നം.104/2025/PPAD തീയതി,തിരുവനന്തപുരം, 28-10-2025

---

പരാമർശം:-
1. 10/07/2025 തീയതിയിലെ സ.ഉ(സാധാ)നം.61/2025/PPAD നമ്പർ ഉത്തരവ്
2. സ്റ്റേഷനറി കൺട്രോളറുടെ 20/09/2025-ലെ STY/564/2025-B1 നമ്പർ കത്ത്
3. 17/10/2025 -ന് കൂടിയ ഡി.പി.സി. യോഗനടപടിക്കുറിപ്പ്

**ഉത്തരവ്**

സംസ്ഥാനത്തെ 9800-ൽപ്പരം വരുന്ന സർക്കാർ ഓഫീസുകൾക്കും, കോടതികൾക്കും, സംസ്ഥാനത്തെ മന്ത്രിമാരുടെ ഓഫീസുകൾക്കും, സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പ് / ഓഫീസുകൾക്കും 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ 597.6 മെ.ടൺ (2,40,000 റീം) ഫോട്ടോകോപ്പി പേപ്പർ A4 സൈസ് 80ജി.എസ്.എം വാങ്ങുന്നതിന് 6,00,00,000/- (ആറ് കോടി രൂപ മാത്രം) പരാമർശം പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) പ്രസ്തുത പേപ്പർ വാങ്ങുന്നതിനായി പേപ്പർ മില്ലുകൾ/വിതരണക്കാർ എന്നിവരിൽ നിന്നും സ്റ്റേഷനറി വകുപ്പ് e-procurement പോർട്ടലിലും, GeM പോർട്ടലിലും ദർഘാസുകൾ ക്ഷണിച്ചിരുന്നു എന്നും യോഗ്യമായ 3 സ്ഥാപനങ്ങൾ നൽകിയ ഓഫറിലെ L1 നിരക്ക് അനുസരിച്ച് റീമിന് 220.72/- രൂപ നിരക്കിൽ 2,40,000 റീം (597.6മെ.ടൺ) ഫോട്ടോകോപ്പി പേപ്പർ A4 സൈസ് 80 ജി.എസ്.എം. (ബ്രൈറ്റ്നെസ് 88%) + 13% ക്വാണ്ടിറ്റി ടോളറൻസോടെ 5,98,59,264/- രൂപയ്ക്ക് (അഞ്ച് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി ഇരുനൂറ്റി അറുപത്തിനാല് രൂപ മാത്രം) മെ.പ്രീമിയർ പേപ്പർ ഡിസ്ട്രിബ്യൂട്ടേഴ്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് ഡി.പി.സി.യുടെ പരിഗണനയ്ക്ക് സമർപ്പിച്ച് പർച്ചേസ് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സ്റ്റേഷനറി കൺട്രോളർ ശിപാർശ

ചെയ്തിരുന്നു . 17/10/2025 -ന് കൂടിയ വകുപ്പ് തല പർച്ചേസ് കമ്മറ്റി പ്രൊപ്പോസൽ പരിശോധിക്കുകയും ആയതിനു നിബന്ധനയോടെ അംഗീകാരം നൽകുവാനും തീരുമാനിച്ചു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശം 3 പ്രകാരമുള്ള വകുപ്പ് തല പർച്ചേസ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 2025-26 വർഷത്തേയ്ക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ മാപ്ലിത്തോ പേപ്പർ വാങ്ങുന്നത് , പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നൽകിയ തുകയ്ക്കുള്ളിൽ ആയിരിക്കണമെന്ന വ്യവസ്ഥയിന്മേൽ, സ്റ്റോർസ് പർച്ചേസ് മാന്വവലിലെ വ്യവസ്ഥകൾക്കു വിധേയമായി, L1 നിരക്ക് (220.72/-രൂപ/റീം) അനുസരിച്ച് 2,40,000 റീം (597.6മെ.ടൺ) ഫോട്ടോകോപ്പി പേപ്പർ A4 സൈസ് 80 ജി.എസ്.എം. + 13% ക്വാണ്ടിറ്റി ടോളറൻസോടെ ആകെ 5,98,59,264/- രൂപയ്ക്ക് ( അഞ്ച് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി ഇരുനൂറ്റി അറുപത്തിനാല് രൂപ മാത്രം) മെ.പ്രീമിയർ പേപ്പർ ഡിസ്ട്രിബ്യൂട്ടേഴ്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് |/|| കേരള), തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, കേരള), തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്
5. സ്റ്റോർസ് പർച്ചേസ് (ബി) വകുപ്പ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 29-10-2025 12:34:59
സെക്ഷൻ ഓഫീസർ